# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4562.

28..6..2013-ൽ മറുപടിക്ക്

### ക്ഷീരകർഷക പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. ലൂഡി ലൂയിസ്: | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരസംഘങ്ങളിൽ പാൽ നല്കുന്ന എല്ലാ കർഷകർക്കും പെൻഷൻ നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകരിൽ, കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗത്വം നേടിയവരും, ക്ഷേമനിധി നിയമ പ്രകാരം നിശ്ചിത യോഗ്യതയുള്ളവരുമായ എല്ലാ ക്ഷീരകർഷകർക്കും പെൻഷൻ നല്കുന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ക്ഷീര വികസന വകുപ്പ്, ക്ഷീരവികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ, പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർ, മിൽമ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം, മലബാർ മേഖലാ യൂണിയനുകൾ എന്നിവർ ക്ഷേമനിധിയുടെ പെൻഷൻ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. |
| (സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) നിലവിൽ 2,26,111 ക്ഷീരകർഷകർ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. ടി അംഗങ്ങളിൽ നിയമ പ്രകാരം നിശ്ചിത യോഗ്യത നേടിയ 37,152 അംഗങ്ങൾക്ക് പെൻഷനും, 2494 അംഗങ്ങളുടെ നോമിനികൾക്ക് കുടുംബപെൻഷനും അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷീരകർഷകർക്ക് മരണാനന്തര ധനസഹായം, ക്ഷീരകർഷകരുടെ മക്കൾക്ക് വിവാഹധനസഹായം, വിദ്യാഭ്യാസധനസഹായം, മികച്ച ക്ഷീരകർഷകന് ധനസഹായം, ക്ഷീര സുരക്ഷ എന്ന ചികിത്സാ ധനസഹായ പദ്ധതി തുടങ്ങിയവയും ക്ഷീരകർഷക ക്ഷേമനിധി മുഖേന നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.